പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1017

11.03.2015-ലെ മറുപടിയ്ക്ക്

## മണിയാർ ടൂറിസം പദ്ധതി ഒന്നാംഘട്ട പണികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പണികൾക്കായി എത്ര രൂപയാണ് അനുവദിച്ചത്; എന്തൊക്കെ പണികളാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്; | (എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട പണികൾക്കായി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രസ്തുത പദ്ധതിയിൽ പാർക്കിന്റെ നവീകരണം, ലാന്റ്സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ ഉൾപ്പെടുന്നു. |
| (ബി) ഒന്നാംഘട്ട പണികൾ പൂർത്തിയായോ; ഇല്ലെങ്കിൽ എതു ഘട്ടം വരെയായി; | (ബി) ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട ലാന്റ്സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) എന്നാണ് ഒന്നാംഘട്ട പണികൾക്ക് തുക അനുവദിച്ചത്; ഒന്നാംഘട്ട പണികൾ പൂർത്തിയായിട്ടില്ല എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; പണികൾ എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് പറയാമോ; | (സി) 2012-ൽ ആണ് ആദ്യഗഡു തുക അനുവദിച്ചത്. നിലവിൽ പൂർത്തീകരിച്ച ഇനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി, ജല സംവിധാനം എന്നിവ ആവശ്യമാണ്. ഇതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. അനുമതി ലഭിച്ചാലുടൻ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാക്കുന്നതാണ്. |

| | | |
|---|---|---|
| (ഡി) | രണ്ടാം ഘട്ട പണികൾ എന്ന് ആരംഭിക്കും; എന്തൊക്കെ പണികളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; എത്ര തുക ഇതിന് അനുവദിച്ചു? | മണിയാറിന്റെ രണ്ടാം ഘട്ട പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പത്തനംതിട്ട ഡിടിപിസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ